Prot.No.MPL: 19/18/24

# ദുക്റാന

മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സഹോദരീ സഹോദരന്മാരേ, കുഞ്ഞുമക്കളേ,

നമ്മുടെ പിതാവായ മാർ തോമശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ ഓർമ്മത്തിരുന്നാൾ, ദുക്റാന ജൂലായ് 3–ാം തിയതി നാം ആചരിക്കുകയാണല്ലോ. എല്ലാവർക്കും ദുക്റാനത്തിരുന്നാളിന്റെ ആശംസകൾ! വിശ്വാസത്തിൽ ഇനിയും വളരാൻ ഈ ആചരണം നമുക്ക് പ്രചോദനമാകട്ടെ.

പ്രിയ സഹോദരരേ, നമ്മുടെ ഓരോ സ്ഥലത്തെയും സാഹചര്യമനുസരിച്ച്, സാധിക്കുമെങ്കിൽ ജൂലായ് 3–ാം തിയതി തന്നെയോ, അല്ലെങ്കിൽ അതിനടുത്ത ദിവസമോ ഏറ്റവും ആഘോഷമായ കുർബാന(റാസ)യോടെ ദുക്റാന തിരുന്നാൾ ആചരിക്കുമല്ലോ. സീറോ മലബാർ സഭ അന്നേ ദിവസം സഭാദിനമായി ആചരിക്കുന്നതു കൊണ്ട് നമ്മുടെ സഭക്കു വേണ്ടി തീക്ഷണമായി പ്രാർത്ഥിക്കണം.

നമുക്കറിയാവുന്നതുപോലെ സുവിശേഷത്തിൽ(യോഹന്നാൻ 11,14,20 അദ്ധ്യായങ്ങളിൽ) മൂന്നു രംഗങ്ങളിലാണ് തോമശ്ലീഹ നാടകീയമായി പ്രത്യക്ഷപ്പെടുന്നത്. ഇതുവഴി മൂന്നു ദൈവികസുകൃതങ്ങൾ ഈശോ നമ്മെ പഠിപ്പിക്കാൻ നമ്മുടെ പിതാവ് അവസരം ഒരുക്കുന്നുണ്ട്.

ആദ്യത്തെ രംഗം യോഹന്നാന്റെ സുവിശേഷം 11–ാം അദ്ധ്യായത്തിലാണ്. ലാസറിന്റെ രോഗവിവരം അറിഞ്ഞ് അങ്ങോട്ടുപോകാൻ ആഗ്രഹിച്ച ഈശോയെ ശിഷ്യന്മാർ നിരുത്സാഹപ്പെടുത്തുന്ന രംഗം. അപ്പോൾ തോമശ്ലീഹ സധൈര്യം പ്രഖ്യാപിച്ചു: ''അവനോടു കൂടെ മരിക്കാൻ നമുക്കും പോകാം''(16). ഈശോ മറ്റൊരവസരത്തിൽ പ്രഖ്യാപിച്ചിട്ടുണ്ടല്ലോ: ''സ്നേഹിതനു വേണ്ടി ജീവനർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ലെന്ന്''(യോഹ 15:13). സ്നേഹമാണ് സർവ്വോത്കൃഷ്ടമെന്ന് പൗലോസ് പാടിയത് നമുക്ക് സ്മരിക്കാം.

രണ്ടാമത്തെ രംഗം യോഹന്നാന്റെ സുവിശേഷം 14–ാം അദ്ധ്യായത്തിലാണ്. തന്റെ ഈ ലോകജീവിതം അന്ത്യത്തോടടുത്തെന്ന് അറിയാവുന്ന ഈശോ ശിഷ്യന്മാർക്ക് നല്കുന്ന വിടവാങ്ങൽ സന്ദേശമാണ് അവസരം. തന്റെ പിതാവിന്റെ പക്കലേക്കു യാത്രയാകുന്ന ഈശോ ''അങ്ങോട്ടുള്ള വഴി നിങ്ങൾക്കറിയാം'' എന്നു പറഞ്ഞപ്പോൾ ''കർത്താവേ, നീ എവിടേക്ക് പോകുന്നെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ. പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും?''(യോഹ 14:5) എന്ന് നമ്മുടെ പിതാവ് പ്രതികരിക്കുകയാണ്. അപ്പോൾ ഈശോ അരുൾചെയ്തു:''ഞാനാകുന്നു വഴിയും സത്യവും ജീവനും. എന്നിലൂടെയല്ലാതെ ആരും പിതാവിങ്കലേക്ക് വരുന്നില്ല''(7). ഇതുവഴി

പിതാവിന്റെ ഭവനത്തിലേക്കുള്ള നമ്മുടെ പ്രത്യാശയുടെ വാതിൽ ഈശോ തന്നെയാണെന്ന് സ്പഷ്ടമാകുന്നു. പ്രത്യാശ അഥവാ ശരണം എന്ന ദൈവിക സുകൃതം ഇവിടെ അവതരിപ്പിക്കപ്പെടുന്നു.

മൂന്നാമത്തെ രംഗം യോഹന്നാന്റെ സുവിശേഷം 20–ാം അദ്ധ്യായത്തിൽ ഉത്ഥിതനായ ഈശോ രണ്ടാം പ്രാവശ്യം ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെടുന്നതാണ്. ''എന്റെ കർത്താവേ, എന്റെ ദൈവമേ'' എന്നേറ്റു പറഞ്ഞുകൊണ്ട് തോമശ്ലീഹ ഈശോയിലുള്ള തന്റെ വിശ്വാസം പ്രഖ്യാപിക്കുന്ന രംഗം. ക്രൈസ്തവവിശ്വാസത്തിന്റെ മുഴുവൻ ആകെത്തുക ഈ പ്രഖ്യാപനത്തിൽ സ്പഷ്ടമാണ്.

ഇങ്ങനെ വിശ്വാസം, പ്രത്യാശ, സ്നേഹം എന്നീ ദൈവീക സുകൃതങ്ങൾ നമ്മുടെ പിതാവിന്റെ ഇടപെടലിലൂടെ അനാവരണം ചെയ്യപ്പെടുന്നു. ക്രൈസ്തവജീവിതത്തിലെ ഏറ്റവും ശ്രേഷ്ഠമായ ഈ ദാനങ്ങൾക്കു വേണ്ടി ദാഹിക്കാൻ ദുക്റാനത്തിരുന്നാൾ നമുക്കവസരം നല്കുന്നു.

ഈ ദിനത്തിൽ സഭക്കു വേണ്ടി പ്രാർത്ഥിക്കുന്നതോടൊപ്പം സഭാസിനഡിന്റെ തീരുമാനപ്രകാരം സഭയുടെ പൊതുവായ പ്രവർത്തനങ്ങൾക്കാവശ്യമായ സംഭാവന നല്കാൻ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച് ബിഷപ്പ് ആഹ്വാനം ചെയ്യുന്നുണ്ട്. എല്ലാവരും ഉദാരമായി സഭാപ്രവർത്തനങ്ങൾക്കായി സംഭാവന ചെയ്യുമല്ലൊ.

ബഹുമാന വൈദികർ സഭാദിനത്തിലെ പ്രത്യേക പിരിവിനെപ്പറ്റി വിശ്വാസ സമൂഹത്തെ അറിയിച്ച്, ദുക്റാന തിരുന്നാളിൽ ലഭിക്കുന്ന സംഖ്യ രൂപതാ കേന്ദ്രത്തിൽ എത്തിക്കുമല്ലൊ. കഴിഞ്ഞ വർഷം സഭാദിനത്തിൽ നമുക്ക് ലഭിച്ചത് 13,207 ഡോളർ ആണ്. എല്ലാവർക്കും നന്ദി. സിനഡിന്റെ പ്രവർത്തനങ്ങൾക്കും സഭയുടെയും രൂപതയുടെയും പൊതു പ്രവർത്തനങ്ങൾക്കുമായാണ് ഈ സംഖ്യ വിനിയോഗിക്കുന്നത്. എല്ലാവരും ഔദാര്യപൂർവ്വം സംഭാവന ചെയ്യുമല്ലൊ. നിങ്ങളുടെ നല്ല മനസിനു നന്ദി. കർത്താവ് നിങ്ങളെ അനുഗ്രഹിക്കട്ടെ. നമ്മുടെ പിതാവായ മാർ തോമശ്ലീഹായുടെ മാദ്ധ്യസ്ഥം നമുക്ക് യാചിക്കാം.

എന്ന്,

സ്നേഹപൂർവ്വം

**+ ബോസ്കോ പിതാവ്** **2018 ജൂൺ 11**

NB: ഈ സർക്കുലർ 2018 ജൂലൈ 1–ാം തിയതി ഞായറാഴ്ച പള്ളിയിൽ വായിക്കേണ്ടതാണ്.